ഉത്തരം

(എ ആന്റ് ബി) ഇത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഒഴിഞ്ഞുകിടക്കുന്ന പ്ലസ്ടു സീറ്റുകളും പരിഹാരമാർഗ്ഗങ്ങളും

123 [742] ശ്രീ. വി. ജെ. പൗലോസ്:

,, എ. സുജനപാൽ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പ്ലസ്ടു കോഴ്സിന് എത്ര സീറ്റുകളുണ്ടായിരുന്നു;

(ബി) അതിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു;

(സി) സീറ്റുകൾ ഒഴിഞ്ഞുകിടക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്ലസ്ടു സീറ്റ് ഒഴിഞ്ഞുകിടന്നത് നഗരപ്രദേശങ്ങളിലാണോ ഗ്രാമപ്രദേശങ്ങളിലാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ആവശ്യത്തിന് പ്ലസ്ടു സീറ്റ് ഇല്ലാതെ വന്നപ്പോൾ മറ്റു ചില ഭാഗങ്ങളിൽ പ്ലസ്ടു സീറ്റ് ഒഴിഞ്ഞുകിടക്കുവാനിടയായിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലസ്ടു കോഴ്സിന് കഴിഞ്ഞ വർഷം 2,09,800 സീറ്റുകളാണ് ഉണ്ടായിരുന്നത്.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

പുതിയ പ്ലസ്ടു കോഴ്സുകളും ബാച്ചുകളും അനുവദിക്കാൻ നടപടി

124 [743] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര സ്കൂളുകൾക്കാണ് സർക്കാർ പുതിയ പ്ലസ്ടു കോഴ്സുകളും ബാച്ചുകളും നൽകിയത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly